**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്**

**( കിർടാഡ്സ്) , കോഴിക്കോട് – 17**

# 2013 – 2014 വർഷത്തെ ഭരണ റിപ്പോർട്ട്

വകുപ്പ് മന്ത്രിമാർ : കുമാരി . പി.കെ. ജയലക്ഷ്മി

(പട്ടികവർഗക്ഷേമ യുവജനകാര്യം, മ്യൂസിയവും മൃഗശാലയും)

: ശ്രീ. എ.പി. അനിൽകുമാർ

(പട്ടികജാതിക്ഷേമവും, മന്നു പിന്നോക്ക സമുദായവികസന, ടൂറിസം)

വകുപ്പ് സെക്രട്ടറി : ശ്രീ. ദേവേന്ദ്രകുമാർ ധൊദാവത്ത്, ഐ.എ.എസ്

ഡയറക്ടർ : ഡോ. ബിന്ദു.എസ്.

ഡെപ്യൂട്ടി ഡയറക്ടർ ( ആന്ത്രോപ്പോളജി ) : ശ്രീ. എ. മണിഭൂഷണൻ

ഡെപ്യൂട്ടി ഡയറക്ടർ ( ട്രെയിനിംഗ് ) - i/c : ശ്രീമതി. മിനി. പി.വി.

ഡെപ്യൂട്ടി ഡയറക്ടർ ( ഡവലപ്മെന്റ് സ്റ്റഡീസ്) i/c : ഡോ. പ്രദീപ്കുമാർ. കെ.എസ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ: ശ്രീ. കെ.വി.രാജീവ് (31.03.2014 വരെ)

ഫൈനാൻസ് ആഫീസർ : ശ്രീമതി. എം. ഷീല (01.02.2013 മുതൽ)

***

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്

**( കിർടാഡ്സ്, കോഴിക്കോട് 17 )**

## 2013 – 2014 വർഷത്തെ ഭരണ റിപ്പോർട്ട്

## 1. ആമുഖം

ഗവൺമെന്റ് ഉത്തരവ്(എം.എസ്) 44/എൽ ആന്റ് എസ്.ഡബ്ല്യൂ.ഡി.,1970 മാർച്ച് 7 – ാം തീയതി , തൊഴിൽ സാമൂഹ്യക്ഷേമ (സി) വകുപ്പ് പ്രകാരം ഹരിജനക്ഷേമ വകുപ്പിന്റെ കീഴിൽ 1970 മാർച്ച് മാസത്തിൽ ട്രൈബൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എന്ന പേരിൽ ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടു. തുടക്കത്തിൽ ഈ സ്ഥാപനത്തിന് ട്രെയിനിംഗ് , റിസർച്ച് എന്നീ രണ്ട് വിഭാഗങ്ങൾ ആണ് ഉണ്ടായിരുന്നത്. പിന്നീട് ഗിരിജനക്ഷേമ വകുപ്പിന്റെ രൂപീകരണത്തോട് കൂടി 1979 ഒക്ടോബർ ആദ്യം വരെ ഗിരിജന ക്ഷേമവകുപ്പിന്റെ ഭാഗമായും പ്രവർത്തിച്ചു.1979 ഒക്ടോബറിൽ ഗവൺമെന്റ് ഉത്തരവ് (എം.എസ്) നം. 135/ 79/ ഡി.ഡി, തീ യതി 23.10.1979 പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) എന്ന പേരിൽ ഒരു പ്രത്യേക വകുപ്പായി പുന:സംഘടിപ്പിക്കപ്പെട്ടു. ഇതേതുടർന്ന് ഇതിന്റെ പ്രവർത്തനമേഖല പട്ടികജാതിക്കാരെക്കുറിച്ചുള്ള പഠനങ്ങളിലേക്ക്കൂടി വ്യാപിച്ചു. ഇതൊരു പ്രത്യേക വകുപ്പായി രൂപീകരിക്കുന്നതിന്നു മുൻപ് നൂറുശതമാനവും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യതയിലാണ് പ്രവർത്തിച്ചു പോന്നിരുന്നത്. പ്രത്യേക വകുപ്പായതിനു ശേഷം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50 : 50 എന്ന അനുപാത ക്രമത്തിലാണ് സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുത്ത് നടത്തിവരുന്നത്. ഈ സ്ഥാപനത്തിന്റെ തുടക്കം മുതൽ 1973 വരെ പ്രസിദ്ധ നരവംശ ശാസ്ത്രജ്ഞനായ ഡോ. എ. അയ്യപ്പനായിരുന്നു സ്പെഷ്യൽ ആഫീസർ എന്ന പേരിൽ സാരഥ്യം വഹിച്ചിരുന്നത്. പിന്നീട് വിവിധ കാല ഘട്ടങ്ങളിലായി ഡോ. പി.ആർ.ജി.മാത്തൂർ, ശ്രീ. സി. ചന്ദ്രൻ, ഐ.എ.എസ്.,ശ്രീ. വി. അപ്പു, ഡോ.സത്യനാരായണ ദാഷ്,. ഐ.എ.എസ്, ശ്രീ. യു.കെ.എസ്. ചൗഹാൻ, ഐ.എ.എസ്, ഡോ. എൻ. വിശ്വനാഥൻ നായർ, ഡോ. പി.കെ. സുകുമാരൻ നായർ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടർമാരായി പ്രവർത്തിച്ചു. 1. 5. 2003 മുതൽ മെയ് 2005 വരെ പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർ ശ്രീ. ടി.ടി. ആന്റണി ഐ.എ.എസ്, ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചു. 3.6.2005 മുതൽ 5.12.2005 വരെ ഈ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ.വി.കെ. മോഹൻകുമാർ ഡയറക്ടറുടെ അധിക ചുമതല വഹിച്ചു. 6.12.2005 മുതൽ ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയിലെ നരവംശ ശാസ്ത്രജ്ഞനായ ഡോ.എം. ശശികുമാർ ഈ വകുപ്പിന്റെ ഡയറക്ടറായി ചുമതല വഹിച്ചു. കൂടാതെ മുൻ വർഷങ്ങളിൽ

ശ്രീ. ഇ. അയ്യപ്പൻ - ഐ.എ.എസ്സ്, ശ്രീ. പി.പി.ഗോപി- ഐ.എ.എസ്സ്, ശ്രീ. ശശിധര - ഐ.എ. എസ്സ്., ശ്രീ.എൻ. പ്രശാന്ത് -ഐ.എ.എസ്സ് ശ്രീമതി. എസ്. ലളിതാംബിക ഐ.എ.എസ്സ്, ശ്രീ. എ. മണിഭൂഷണൻ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചിരുന്നു. 23.11.2011 മുതൽ പി.എസ്.സി. അഡ്വൈസ് ചെയ്തതുപ്രകാരം ഡോ.ബിന്ദു.എസ് ഈ വകുപ്പിന്റെ ഡയറക്ടറുടെ ചുമതല ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നു.

- ഈ വകുപ്പിന്റെ ഘടന വ്യക്തമാക്കുന്ന ചാർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 2. വകുപ്പിന്റെ ഘടന

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇതരവകുപ്പുകളിൽ നിന്നും വ്യത്യസ്ത മായ ഒരുഘടനയാണ് ഈ വകുപ്പിനുള്ളത്. ഇതിന്റെ പ്രവർത്തനമേഖല സംസ്ഥാന വ്യാപക മാണെങ്കിലും ഇതര വകുപ്പുകൾക്കുള്ളതുപോലെ മേഖലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാന ത്തിലോ ഓഫീസുകൾ ഈ വകുപ്പിനില്ല. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും ആസ്ഥാനമായ കോഴിക്കോട് കേന്ദ്രമായാണ് നടത്തിവരുന്നത്.

ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ താഴേ ചേർത്തിരിക്കുന്ന പ്രകാരം അഞ്ചു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. ഭരണ നിർവ്വഹണ വിഭാഗം
2. ഗവേഷണ വിഭാഗം
3. പരിശീലന വിഭാഗം
4. വികസന പഠന വിഭാഗം
5. ആദികലാകേന്ദ്രം , മ്യൂസിയം & ലൈബ്രറി .

- ഈ വകുപ്പിന്റെ വെബ്സൈറ്റ് , ഫോൺ നമ്പർ , ഫാക്സ് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

വെബ് സൈറ്റ് : www.kirtads.kerala.gov.in

ഇ.മെയിൽ : kirtads@gmail.com

dirkirtads@gmail.com

ഫോൺ നം. 0495 – 2357329, 2356805 , ഫാക്സ് നം . 0495 – 2357329

വിജിലൻസ് ഓഫീസർ - 0495 - 2357821

മൊബൈൽ ഫോൺ( ഡയറക്ടർ ) നം. 9447767329

## 3. വകുപ്പിന്റെ പ്രവർത്തനങ്ങളും, ഉദ്ദേശ ലക്ഷ്യങ്ങളും

ഈ വകുപ്പ് സെക്രട്ടേറിയറ്റിലെ പട്ടികജാതി - പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കല, സംസ്ക്കാരം, ജീവിതരീതി, വിദ്യാഭ്യാസം മറ്റുമേഖലയിലുള്ള പുരോഗതി, വിഭവങ്ങളുടെ അന്യവൽക്കരണം, ദൈനംദിന ജീവിതപ്രശ്നങ്ങൾ ബൗദ്ധികസ്വത്തവകാശം എന്നിവയെപ്പറ്റി അടിസ്ഥാനപരമായി ഗവേഷണങ്ങൾ നടത്തി അവരുടെ സർവ്വതോന്മുഖമായ പുരോഗതിയെ മനസ്സിലാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആസൂത്രണ രംഗത്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുക, ഇത്തരം വികസന പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും പട്ടികവിഭാഗ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥന്മാർക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സംസ്ക്കാരം, ജീവിതരീതി, അവരുടെ പുരോഗതി പ്രക്രിയയിലുള്ള പ്രശ്നങ്ങൾ എന്നിവയിൽ വേണ്ടത്ര അറിവ് നൽകുന്നതിനുതകുന്ന വിധത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും നേതാക്കൾക്കും സർക്കാറിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഭരണഘടന നൽകുന്ന പ്രത്യേകാ വകാശങ്ങളെയും സംരക്ഷണങ്ങളെയും കുറിച്ച് ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിലും നേതൃത്വ പരിശീലനം നൽകുക, ആദിവാസികളുടെ ചികിത്സാ സമ്പ്രദായത്തെക്കുറിച്ചു പഠിക്കുന്നതോടൊപ്പം അവർ ഉപയോഗിച്ചുവരുന്ന പച്ചമരുന്നുകൾ തിരിച്ചറിയുവാനും ശേഖരിക്കുവാനും ഉപയോഗിക്കുവാനും വിപണനം ചെയ്യുവാനും പട്ടികവർഗ്ഗ യുവാക്കൾക്ക് അവരുടെ മൂപ്പന്മാരുടെ സഹായത്തോടെ പരിശീലനം നൽകുക തുടങ്ങിയ പരിശീലന പരിപാടികളും; വികസനപദ്ധതികൾ എത്രകണ്ട് അവർക്ക് പ്രയോജന പ്രദമായിട്ടുണ്ടെന്ന് വിലയിരുത്തുക, അത്തരം പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ക്ഷേമപ്രവർ ത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിലയിരുത്തൽ പഠനങ്ങൾ നടത്തുക, അനർഹമായി പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കാനുള്ള പ്രവണതയോടെ ഇതരവിഭാഗക്കാർ നടത്തിവരുന്ന ജാതിമാറ്റ സമ്പ്രദായം അന്വേഷണവിധേയമാക്കി, അത്തരക്കാരെ നിരുൽസാഹപ്പെടുത്തുവാനും പുറത്താക്കാനും പഠനങ്ങൾ നടത്തുക, തുടങ്ങിയ ഗവേഷണ അധിഷ്ഠിത പ്രവർത്തനങ്ങളാണ് ഈ വകുപ്പ് ഏറ്റെടുത്ത നടത്തി 1996 ലെ കേരള (പട്ടികജാതി പട്ടികവർഗ്ഗ ) സമുദായ സർട്ടിഫിക്കറ്റ് ക്രമപ്പെടുത്തൽ ആക്ട് 11 അനുസരിച്ച് ഈവകുപ്പിലെ നരവംശ ശസ്ത്രവിഭാഗത്തെ ജാതി നിർണ്ണയത്തിന്റെ ഒരു വിദഗ്ധ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട് . പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, നൃത്തങ്ങൾ, കരകൗശല വൈദഗ്ധ്യം തുടങ്ങിയവ പരിപോഷിപ്പിക്കുക, ഗോത്ര സംസ്കാരം പ്രതിബിംബിപ്പിക്കുന്ന മ്യൂസിയം സജ്ജീകരിക്കുക തുടങ്ങിയവയും ഈ വകുപ്പിന്റെ പ്രവർത്തന മേഖലകളാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വകുപ്പിലെ ഗവേഷണ വിഭാഗം, പരിശീലനവിഭാഗം, വികസന പഠന വിഭാഗം, ഭാഷാ ശാസ്ത്ര വിഭാഗം എന്നീ മുഖ്യവിഭാഗങ്ങൾ വഴി നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നു.

**ഈ വകുപ്പിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം താഴെ കൊടുക്കുന്നു.**

| **ക്രമ നമ്പർ** | **തസ്തികകകളുടെ പേര്** | **ശമ്പള സ്കെയിൽ** | **തസ്തിക കളുടെ എണ്ണം** |
|---|---|---|---|
| എ. ഗസറ്റഡ് തസ്തിക | | | |
| 1. | ഡയറക്ടർ | 42640 – 58640 | 1 |
| 2. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 22360-37940 | 1 |
| 3. | ഫിനാൻസ് ഓഫീസർ | 22360-37940 | 1 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ ( ട്രെയിനിംഗ് ) | 24040-38840 | 1 |
| 5. | ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപ്പോളജി) | 24040-38840 | 1 |
| 6. | ഡെപ്യൂട്ടി ഡയറക്ടർ ( ഡവലപ്പ്മെന്റ് സ്റ്റഡീസ് ) | 24040-38840 | 1 |
| 7. | ലക്ചറർ (ആന്ത്രോപ്പോളജി/ സോഷ്യോളജി) | 20740-36140 | 3 |
| 8. | റിസർച്ച് ഓഫീസർ(ആന്ത്രോപ്പോളജി) | 20740-36140 | 7 |
| 9. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | 20740-36140 | 1 |
| 10. | കംപ്യൂട്ടർ ഓപ്പറേറ്റർ | 19240-34500 | 1 |
| | **ബി. നോൺ ഗസറ്റഡ് തസ്തിക** | | |
| 11. | സ്റ്റാറ്റിസ്റ്റിഷ്യൻ | 15380-25900 | 1 |
| 12. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | 14620-25280 | 3 |
| 13. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | 14620-25280 | 5 |
| 14. | റിസർച്ച് അസിസ്റ്റന്റ് ( ലിംഗ്വിസ്റ്റിക്സ്) | 14620-25280 | 1 |
| 15. | കാർട്ടോഗ്രാഫർ | 14620-25280 | 1 |
| 16. | ലൈബ്രേറിയൻ ഗ്രേഡ് 3 | 14620-25280 | 1 |
| 17. | ക്യൂറേറ്റർ | 13210-22360 | 1 |
| 18. | ഇൻവെസ്റ്റിഗേറ്റർ((ആന്ത്രോപ്പോളജി/ സോഷ്യോളജി) | 11620-20240 | 6 |
| 19. | ജൂനിയർ സൂപ്രണ്ട് | 16180-29180 | 1 |
| 20. | യു.ഡി. ക്ലാർക്ക് | 13210-22360 | 2 |
| 21. | ടൈപ്പിസ്റ്റ് (സെലക്ഷൻ ഗ്രേഡ് ) | 14620-25280 | 1 |
| 22. | യു.ഡി. ടൈപ്പിസ്റ്റ് | 13210-22360 | 1 |
| 22. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 10480-18300 | 1 |

| | | | |
|---|---|---|---|
| 23. | എൽ.ഡി. ക്ലാർക്ക് | 9940-16580 | 3 |
| 24. | എൽ.ഡി. ടൈപ്പിസ്റ്റ് | 9940-16580 | 1 |
| 25. | ഡ്രൈവർ | 9190-15780 | 4 |
| 26. | മ്യൂസിയം അറ്റന്റന്റ് | 8730-13540 | 1 |
| 27. | റിക്കാർഡ് അറ്റന്റർ | 8730-13540 | 1 |
| 28. | പ്യൂൺ | 8500-13210 | 4 |
| 29. | വാച്ച്മാൻ | 8500-13210 | 1 |
| 30. | നൈറ്റ് വാച്ച്മാൻ | 8500-13210 | 1 |
| 31. | സ്വീപ്പർ .. കം.. വാച്ച്മാൻ | 8500-13210 | 1 |
| 32. | പാർട്ട് ടൈം.. സ്വീപ്പർ | 4850-7500 | 1 |
| | **ആകെ** | | **61** |

- റിപ്പോർട്ട് വർഷാവസാനം ഈ വകുപ്പിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| | തസ്തികയുടെ പേര് | | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ഡയറക്ടർ | : | 1 |
| 2. | ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപ്പോളജി) | : | 1 |
| 3. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | : | 1 |
| 4. | ഫിനാൻസ് ഓഫീസർ | : | 1 |
| 5. | ലക്ചറർ (ആന്ത്രോപ്പോളജി/സോഷ്യോളജി) | : | 3 |
| 6. | റിസർച്ച് ഓഫീസർ (ആന്ത്രോപ്പോളജി ) | : | 7 |
| 7. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | : | 1 |
| 8. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | : | 2 |
| 9. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | : | 1 |
| 10. | ലൈബ്രേറിയൻ (ഗ്രേഡ് - III ) | : | 1 |
| 11. | സ്റ്റാറ്റിസ്റ്റിഷ്യൻ | : | 1 |

| | | | |
|---|---|---|---|
| 12. | ഇൻവെസ്റ്റിഗേറ്റർ (ആന്ത്രോപ്പോളജി/സോഷ്യോളജി) | : | 5 |
| 13. | കാർട്ടോഗ്രാഫർ | : | 1 |
| 14. | ജൂനിയർ സൂപ്രണ്ട് | : | 1 |
| 15. | യു.ഡി. ക്ലാർക്ക് | : | 2 |
| 16. | ടൈപ്പിസ്റ്റ് ( സെ.ഗ്രേഡ്) | : | 1 |
| 17. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | : | 1 |
| 18. | എൽ.ഡി. ക്ലാർക്ക് | : | 2 |
| 19. | എൽ.ഡി. ക്ലാർക്ക് (സൂപ്പർ ന്യൂമററി) | : | 1 |
| 20. | എൽ.ഡി. ടൈപ്പിസ്റ്റ് | : | 1 |
| 21. | ഡ്രൈവർ | : | 4 |
| 22 | റിക്കാർഡ് അറ്റന്റർ | : | 1 |
| 23 | ഓഫീസ് അറ്റന്റന്റ് | : | 3 |
| 24 | സ്വീപ്പർ .. കം.. വാച്ച്മേൻ | : | 1 |
| 25. | പാർട്ട് ടൈം.. സ്വീപ്പർ | : | 1 |
| 26 | വാച്ച്മാൻ | : | 1 |
| 27 | നൈറ്റ് വാച്ച്മേൻ | : | 1 |

അനുവദിച്ച തസ്തികകൾ : 60

റിപ്പോർട്ട് വർഷാവസാനം നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം : 47

- സ്ഥിരം ജീവനക്കാർ : 47
- കരാർ ജീവനക്കാർ : ഇല്ല
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം : ഇല്ല
- റിപ്പോർട്ട് വർഷത്തിൽ പി.എസ്.സി. വഴി നിയമനം : 5
- സമാശ്വാസ തൊഴിൽ പദ്ധതി : ഇല്ല
- റിട്ടയർമെന്റ് : 3

റിപ്പോർട്ട് വർഷം ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ - 1, ഓഫീസ് അറ്റന്റന്റ് - 1, നൈറ്റ്വാച്ച്മാൻ-1, എൽ.ഡി. ക്ലാർക്ക്- 2 എന്നിവയടക്കം മൊത്തം 5 പേർക്ക് പി. എസ്. സി. വഴി നിയമനം നൽകി.

## റിപ്പോർട്ട് വർഷം ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ

## നരവംശശാസ്ത്ര വിഭാഗം

1996 ലെ ആക്ട് 11 പ്രകാരം ഗവേഷണ വിഭാഗത്തിലെ വിജിലൻസ് സെൽ സമുദായ നിർണ്ണയ പഠനങ്ങൾ നടത്തുന്നതിനും, സംശയാസ്പദമായ പട്ടികജാതി പട്ടികവർഗ്ഗ സമുദായ അവകാശങ്ങൾ അന്വേഷിക്കുന്നതിനുമുള്ള വിദഗ്ധ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. ഈ ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയക്കു വേണ്ടി യുള്ള ജാതി നിർണ്ണയ കേസുകളുടെ നരവംശശാസ്ത്ര പരമായ അന്വേഷണം, ഗവേഷണ വിഭാ ഗത്തിലെ വിജിലൻസ് സെൽ നടത്തി വരുന്നു. കഴിഞ്ഞ വർഷം പൂർത്തിയാക്കിയ കേസുകളുടെ വിവരങ്ങൾ താഴെ നൽകുന്നു.

1996 ലെ ആക്ട് 11 പ്രകാരം പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി,വ്യാജപട്ടികജാതി-പട്ടി കവർഗ്ഗ സർട്ടിഫിക്കറ്റ് നേടുകയും, നേടികൊണ്ടിരിക്കുന്നതുമായ കേസുകളിന്മേൽ നരവംശശാ സ്ത്രപരമായ അന്വേഷണത്തിനായി കഴിഞ്ഞ ഒരു വർഷമായി പൂർത്തീകരിച്ച കേസുകൾ താഴെ നൽകുന്നു.

### 1. <u>സ്ക്രൂട്ടിനി കമ്മിറ്റി</u>

1. ശ്രീ. കെ.ടി ഗോപി മുതൽ പേർ എന്നിവരുടെ പട്ടികജാതി കാക്കാലൻ അവകാശ വാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് ( വി. 26/12 തിയ്യതി 06/03/2013) സ്ക്രൂട്ടിനി കമ്മിറ്റിക്ക് അയച്ചു.
2. ശ്രീ. കെ. എം. രാജ് മോഹൻ എന്നിവരുടെ യഥാർത്ഥ ജാതി സംബന്ധിച്ചുള്ള റിപ്പോർട്ട് സർക്കാറിലേക്ക് സമർപ്പിച്ചു.
3. ശ്രീ. രമണൻ എന്നിവരുടെ പട്ടികവർഗ്ഗ മലപണ്ടാരം (Malai Pandaram) അവകാശവാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി 65/09 തിയ്യതി 10/05/2013) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.
4. ശ്രീ. കെ അനന്ദ കൃഷ്ണൻ എന്നിവരുടെ യഥാർത്ഥ ജാതി സംബന്ധിച്ചുള്ള റിപ്പോർട്ട് സർക്കാറിലേക്ക് സമർപ്പിച്ചു.

5. ശ്രീ. ദിനേശൻ. കെ എന്നിവരുടെ പട്ടികവർഗ്ഗ മലവേട്ടുവൻ (Malavettuvan) അവകാശ വാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി. 09/13 തിയ്യതി 20/04/2013) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.
6. ശ്രീമതി ടി.ആർ ഉഷ എന്നിവരുടെ പട്ടികജാതി തണ്ടാൻ അവകാശവാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (ഡി 1 805/09, തിയ്യതി 07/05/2014) സ്ക്രൂട്ടിനി കമ്മിറ്റിക്ക് സമർപ്പിച്ചു.

## 2. സ്ക്രീനിംഗ് കമ്മറ്റി

### വിജിലൻസ് സെൽ തയ്യാറാക്കിയ സ്ക്രീനിംഗ് കമ്മിറ്റി കേസുകൾ

വിവിധ പ്രൊഫഷണൽ കേസുകൾ പ്രവേശനത്തിനായി നടത്തുന്ന പരീക്ഷകൾക്ക് സമർപ്പിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ അപേക്ഷകൾ പരിശോധിക്കുകയും സ്ക്രീനിംഗ് കമ്മിറ്റിയുടെ ആവശ്യപ്രകാരം 1263 അപേക്ഷകരുടെ യഥാർത്ഥ ജാതി സംബന്ധിച്ച് നരവംശശാസ്ത്രപരമായ അന്വേഷണം നടത്തുകയുണ്ടായി. ഇതിൽ 221 അപേക്ഷകൾ പട്ടികജാതി-പട്ടികവർഗ്ഗ സമുദായ സംവരണത്തിന് അർഹരല്ലായെന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ നരവംശശാസ്ത്ര പരമായ റിപ്പോർട്ടുകൾ സ്ക്രീനിംഗ് കമ്മറ്റിക്ക് സമർപ്പിച്ചു.

| നമ്പർ | കോഴ്സ് | കേസുകളുടെ എണ്ണം | അർഹരായവർ | അനർഹരായവർ |
|---|---|---|---|---|
| 1. | മെഡിക്കൽ/എഞ്ചിനിയറിംഗ് | 659 | 516 | 143 |
| 2. | പിജി മെഡിക്കൽ | 33 | 33 | |
| 3. | എം.ഡി ആയുർവ്വേദം | 15 | 14 | 1 |
| 4. | എൽ.എൽ.ബി(LLB) (5 Year) | 33 | 32 | 1 |
| 5. | എം.എസ്.സി നേഴ്സിംഗ് (MSc Nursing) | 11 | 11 | |
| 6. | എം.സി.എ (MCA) | 5 | 4 | 1 |
| 7. | ബി.എഡ് (Bed) | 100 | 80 | 20 |
| 8. | എൽ.എൽ.എം (LLM) | 3 | 3 | |
| 9. | Paramedical Course | 388 | 334 | 54 |
| 10. | എൽ.എൽ.ബി (3 Year) | 3 | 3 | |
| 11. | എൽ.എൽ.എം | 3 | 3 | |
| 12. | പി.ജി സൂപ്പർസ്പെഷ്യലിറ്റി (PG Super Speciality) | 1 | 1 | |

## 3. പൊതുവായ റിപ്പോർട്ടുകൾ

1. ശ്രീമതി ശകുന്തള, ലക്ഷം വീട്, അത്തിക്കാട് പി.ഒ, പാലക്കാട് എന്നിവരുടെ ജാതിയെ സംബന്ധിച്ചുള്ള റിപ്പോർട്ട് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര പരിപാടി, ജില്ലാ സെൽ, പാലക്കാട് സമർപ്പിച്ചു.
2. ശ്രീമതി ഗീതാ ഹരി, കിഴക്കേ പുരക്കൽ, പൊരുമ്പനച്ചി പി. ഒ, മാടപ്പള്ളി വില്ലേജ്, കോട്ടയം, എന്നിവരുടെ ജാതി സംബന്ധിക്കുന്ന റിപ്പോർട്ട് സമർപ്പിച്ചു.
3. കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ നായാടി മഹാസഭാ (പ്രസിഡന്റ്, ശ്രീ. മണികണ്഻ന്‍ ടി യുഗ എന്നിവരുടെ ജാതി സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചു.
4. ശ്രീ. എസ്. മോഹൻദാസ്, രേഷ്മ നിവാസ്, വെസ്റ്റ് പൊന്ന്യു പി.ഒ, എരഞ്ഞോളി, തലശ്ശേരി എന്നിവരുടെ യഥാർത്ഥ ജാതി സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചു.
5. ശ്രീ. സന്തോഷ് കെ, കൊഴലോട് പറമ്പ് വീട്, പള്ളതേടിരി പോസ്റ്റ്, പാലക്കാട് എന്നിവരുടെ യഥാർത്ഥ ജാതി സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചു.
6. പാലക്കാട് ജില്ലയിലെ ചിന്നൂർ താലൂക്ക് നെല്ലിയാമ്പതി വില്ലേജിൽ ഓറഞ്ച് & വെജിനുബിൽ ഫാമിൽ താമസിക്കുന്ന പഴനി വേൽ മുരുകൻ ടി വില്ലേജിലെ 109 പേരുടെ യഥാർത്ഥ ജാതി സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചു.
7. കേരളത്തിലെ വിവിധ താലൂക്കുകളിലെ തഹസിൽദാർ ജാതി സംബന്ധമായ അന്വേഷണത്തിന് ആവശ്യപ്പെട്ട 98 വ്യക്തിഗത കേസുകളുടെ യഥാർത്ഥ ജാതിയെ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിച്ചു.
8. ചിന്നൂർ താലൂക്കിൽ ചിന്നൂർ വില്ലേജിൽ അമ്പാട്ടുപാളയത്ത് താമസിക്കുന്ന ശ്രീ. നടരാജൻ S/o സുബ്ബയ്യ, ശൂലംകുടം മുതൽ 55 പേരുടെ പടയാച്ചി അവകാശവാദം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് തഹസിൽദാർക്ക് നൽകി.
9. ശ്രീമതി കോയിലൃത്ത് മിനി, ചേലോറ ലക്ഷം വീട് കോളനി, കണ്ണൂർ എന്നിവരുടെ യഥാർത്ഥ ജാതി സംബന്ധിച്ചുള്ള റിപ്പോർട്ട് കണ്ണൂർ ജില്ലാ കളക്ടർക്ക് അയച്ചു.

**ആകെ കേസുകളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.**

| ക്രമ നം. | ഇനം | തരം | ആകെ |
|---|---|---|---|
| 1 | താലൂക്ക് | | 98 |
| 2 | പിന്നോക്കസമുദായവികസന വകുപ്പ് | | 2 |
| 4 | ഗവൺമെന്റ് കത്തുകൾ | | 16 |
| 5 | കളക്ടർക്ക് | | 1 |
| 6 | മറ്റുള്ളവ | ജനസമ്പർക്കം, സുതാര്യകേരളം, പട്ടികജാതി ഡയറക്ടറേറ്റ്, എസ്.സി/എസ്.ടി കമ്മീഷൻ | 14 |
| | **ആകെ** | | **131** |

# പരിശീലന വിഭാഗം

## 2013-2014 സാമ്പത്തിക വർഷത്തിൽ നടത്തിയ പരിശീലന പരിപാടികൾ

1. വയനാട് ജില്ലയിലെ അടിയ, പണിയ, കാട്ടുനായ്ക്കൻ, വെട്ടക്കുറുമൻ സമുദായത്തിലെ 40 യുവതീ യുവാക്കൾക്കു 2013 ജൂലൈ മാസത്തിൽ രണ്ട് ഘട്ടങ്ങളിലായി നേതൃത്വ പരിശീലന പരിപാടി നടത്തി.

2. ഇടുക്കി ജില്ലയിലെ ഊരാളി സമുദായങ്ങൾക്കായി 2013 സെപ്തംബർ മാസത്തിൽ (പട്ടയക്കുടി) ആരോഗ്യബോധവത്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചു.

3. 2013 നവംബർ മാസത്തിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആനവായ് ഊരിൽവെച്ച് കുറുമ്പ സമുദായത്തിലെ 55 അംഗങ്ങൾക്ക് വികസന പരിശീലന പരിപാടി സംഘടിപ്പിച്ചു.

4. ഡോ. ബി. ആർ അംബേദ്കർ സ്മാരക പ്രഭാഷണങ്ങൾ 2013 ഡിസംബർ 6,7 തീയതികളിൽ കിർടാഡ്സ് ക്യാമ്പസിൽ വെച്ച് നടത്തി.

5. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ മുതുവാൻ സമുദായാംഗങ്ങൾക്കായുള്ള നേതൃത്വ പരിശീലന പരിപാടി 2014 ജനുവരി മാസത്തിൽ കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി.

6. 31-ാംമത് തലയ്ക്കൽ ചന്തു സ്മാരക അമ്പെയ്ത്ത് മത്സരങ്ങൾ 2014 ഫെബ്രുവരി മാസത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തി.

7. കമ്മിന്യൂഡ് സോഷ്യൽ വർക്കർ പരിശീലനപരിപാടി 2014 ഫെബ്രുവരി മാസത്തിൽ കിർടാഡ്സ് ക്യാമ്പസിൽ വെച്ച് നടത്തപ്പെട്ടു.

8. നൂറോളം വംശീയ വൈദ്യന്മാർ പങ്കെടുത്ത വംശീയ വൈദ്യന്മാർ നേരിടുന്ന "വെല്ലുവിളികളും പ്രതിസന്ധികളും" എന്ന വിഷയത്തിലുള്ള ശില്പശാല 2014 മാർച്ച് മാസത്തിൽ കിർടാഡ്സ് ക്യാമ്പസിൽ വെച്ച് നടത്തി.

## ആദികലാകേന്ദ്രം

### 2013-2014 സാമ്പത്തിക വർഷത്തിൽ നടത്തിയ പരിശീലന പരിപാടികൾ

1. ഇടുക്കി ജില്ലയിലെ ഊരാളി സമുദായത്തിന്റെ കലാരൂപമായ ഊരാളിക്കൂത്ത് ദശദിന പഠന കളരി (23 പേർ) ഒക്ടോബർ മാസത്തിൽ കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു.

2. പൈതൃകോത്സവം- നാടൻ കലാമേള - പ്രദർശന വിപണന മേള 2013 ഡിസംബർ മാസത്തിൽ വയനാട് ജില്ലയിലെ പനമരത്തും, 2014 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ ആലപ്പുഴ ജില്ലയിലെ മൂന്നാറും സംഘടിപ്പിച്ചു.

3. കേരളത്തിലെ പട്ടികവർഗ കലാകാരന്മാർ, കരകൗശലവിദഗ്ധർ തുടങ്ങിയവരുടെ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി.

## എത്നോളജിക്കൽ മ്യൂസിയം

2013-14 വർഷത്തിൽ കിർട്ടാഡ്സ് മ്യൂസിയം ഗോത്രവർഗ്ഗ സംസ്കാരപ്രദർശനം പ്രദർശിപ്പിച്ചതും സ്കൂൾ കോളേജ് വ്യക്തികൾ എന്നിവ തരം തിരിച്ച് മ്യൂസിയം സന്ദർശിച്ചതിന്റെയും കണക്കുകൾ താഴെ പറയുന്നവിധമാണ്.

1. ജനുവരി 5 മുതൽ 20 വരെ മുക്കംഫെസ്റ്റ്.
2. പൈതൃകോത്സവത്തിന്റെ ഭാഗമായി ജനുവരി 25 മുതൽ ഫെബ്രവരി 3 വരെ പറവൂരിൽ
3. 30--ാം മത് തലയ്ക്കൽ ചന്തു സ്മാരക ട്രോഫി അമ്പെയ്ത്ത് മത്സരത്തിൽ
4. രാഗം ഫെസ്റ്റ് ആർ.ഇ.സി.എൻ.ഐ.ടി കാംപസ് കുന്ദമംഗലം
5. ഇന്റർനാഷണൽ ഫോക്ക്ലോർസെമിനാറിന്റെ ഭാഗമായി സാഹിത്യ അക്കാദമി ഹാളിൽ തൃശ്ശൂർ മെയ് 8,9 തിയ്യതികളിൽ
6. ശാസ്ത്രമേളയുടെ ഭാഗമായി തിരുവണ്ണൂർ ഹയർസെക്കന്ററി സ്ക്കൂൾ തിരുവണ്ണൂർ 10, 11 ഒക്ടോബർ മാസം
7. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് സുവർണ്ണജൂബിലുടെ ഭാഗമായി ആർട്സ് കേളേജിൽ ഒക്ടോബർ 24 മുതൽ 26 വരെ.
8. പൈതൃകോത്സവം വയനാട് പനമരത്ത് 21 ഡിസംബർ മുതൽ 29 ഡിസംബർ വരെ
9. "യൂത്ത് എക്സ്പോ " ഭാഗമായി ബാലുശ്ശേരിയിൽ നവംബർ 29 മുതൽ ഡിസംബർ 11 വരെ
10. കാർഷികമേള, തൊടുപുഴ ഭാഗമായി ഡിസംബർ 25 മുതൽ ജനുവരി 4 വരെ ന്യൂമാൻസ് കോളേജ് തൊടുപുഴ

11. പൈതൃകോത്സവം 2014 ചെങ്ങന്നൂർ, മാന്നാർ. ജനുവരി 31 മുതൽ ഫെബ്രവരി 9 വരെ
12. ആൾ ഇന്ത്യ ട്രേഡ്ഫെയറിന്റെ ഭാഗമായി കല്പനയിൽ 04.04.14 മുതൽ 15.04.2014 വരെ
13. സ്ക്കൂളുകൾ 52 എണ്ണം, കോളേജുകൾ 34 എണ്ണം, പ്ലസ്ടു, ഹയർസെക്കന്റി സ്കൂളുകൾ 16 എണ്ണം, പഞ്ചായത്ത് 3, അംഗൻവാടി 6 അംഗൻവാടി ട്രെനിംഗ്സെന്റർ വ്യക്തികൾ 530ൽ പരം സന്ദർശനം നടത്തി

## വികസന പഠന വിഭാഗം

### 2013-14 സാമ്പത്തികവർഷത്തിലെ പ്രവർത്തനങ്ങൾ

സംസ്ഥാനത്തിലെ വിവിധ പട്ടിക വർഗ്ഗ/ജാതി വിഭാഗങ്ങളുടെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, വിദ്യാഭ്യാസ, രാഷ്ട്രീയ സാഹചരയങ്ങളും പാരിസ്ഥിതിക ചുറ്റുപാടുകളും അവരുടെ ജീവിതത്തെ ബാധിക്കുന്ന മറ്റ് മേഖലകളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് 2013-14 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് വികസനപഠന വിഭാഗം പ്രധാനമായും ഏറ്റെടുത്ത് നടത്തിയത്.

- മലൈപണ്ടാരം സമുദായത്തിന്റെ സമഗ്രവികസനത്തെ ലക്ഷ്യമാക്കിയുള്ള റിപ്പോർട്ട് ഗവൺമെന്റിലേക്ക് സമർപ്പിച്ചു.
- ആദിവാസി വംശീയവൈദ്യൻമാർക്കുള്ള വാർഷിക ഗ്രാന്റ് വിതരണവും ശില്പശാലയും സംഘടിപ്പിച്ചു.
- ക്രിസ്ത്യൻ കമ്മാള വിഭാഗത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെടുത്തുന്നതിനുള്ള പഠനവുമായി ബന്ധപ്പെട്ട് സ്ഥിതി വിവരകണക്കുകളുടെ അപഗ്രഥനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു.
- കേരളത്തിലെ അവിവാഹിതരായ ആദിവാസി അമ്മമാരുടെ നിലവിലുള്ള ജീവിതസാഹചര്യത്തെക്കുറിച്ചുള്ള പഠനം പുരോഗമിക്കുന്നു.
- അട്ടപ്പാടിയിലെ ശിശുമരണങ്ങളുമായി ബന്ധപ്പെട്ട് കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുമായിച്ചേർന്ന് മരണം നടന്ന സങ്കേതങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു.
- ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടമെന്റ് വെബ്സൈറ്റ് 'അപ്ഡേറ്റ് ചെയ്യുവാൻ വേണ്ട നിർദ്ദേശങ്ങളുടെ കരട് രൂപം തയ്യാറാക്കി സമർപ്പിച്ചു.
- 'വിസകനപദ്ധതികളോടും പൊതുസമൂഹത്തോടും കോഴിക്കോട് ജില്ലയിലെ പണിയ സമുദായത്തിന്റെ പ്രതികരണം' എന്ന പഠനം ഏറ്റെടുത്തു.
- 'സമീപകാല നിയമങ്ങളും കേരളത്തിലെ പട്ടികവർഗ്ഗസമുദായങ്ങളിൽ അവയുടെ സ്വാധീനവും: മുതുവാൻ, പളിയ സമുദായങ്ങളെക്കുറിച്ചുള്ള പഠനം' പ്രാവർത്തികമാക്കി.
- പട്ടികവർഗ്ഗസമുദായങ്ങളുടെ ജനസംഖ്യാപഠനത്തിന്റെ ഭാഗമായി അട്ടപ്പാടിയിലെ ഇരുള, കുറുമ്പ സമുദായങ്ങളിൽ നിന്നും വിവരശേഖരണം നടത്തി.
- കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിലുള്ള ഗോത്രവർഗ്ഗ വിഭാഗങ്ങളുമായി പരസ്പരം ആശയവിനിമയം നടത്തുന്നതിനും അറിവുകൾ പങ്കുവെയ്ക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു.

- കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സിൽ നിന്നും വന്ന ശ്രീ. മോഹനൻ ത്രിവേണി സമർപ്പിച്ച പരാതിയിൻമേലുള്ള മറുപടി തയ്യാറാക്കി സമർപ്പിച്ചു.
- കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ തനതായ ഭാഷ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള പഠനത്തിന് തുടക്കം കുറിച്ചു.
- കിലയിൽ സംഘടിപ്പിച്ച പട്ടികവർഗ്ഗ ഉപപദ്ധതിയെക്കുറിച്ചുള്ള വർക്ക്ഷോപ്പിൽ വകുപ്പിനെ പ്രതിനീധീകരിച്ചു.
- ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈക്രോ, സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് സംഘടിപ്പിച്ച ത്രിദിന പരിശീലന പരിപാടിയിൽ പങ്കെടുത്തു.
- പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ടു ലഭിച്ച പരാതികളിൽമേൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഓച്ചിറയിൽ നടന്ന എക്സിബിഷനിൽ ഡിപ്പാർട്ട്മെന്റ് സ്റ്റാളുകൾ ക്രമീകരിച്ചു.
- സെസ്സിൽവെച്ചു നടന്ന ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സെമിനാറിൽ പങ്കെടുത്തു.
- ശ്രീമതി ടി.കെ ശാന്ത, കണ്ണൂർ ജില്ലയിൽ നിന്നും വീടും സ്ഥലവും നഷ്ടപ്പെട്ടെന്ന പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് തല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചു.
- ഡൽഹിയിൽ നടന്ന 'ഇന്ത്യ ഇന്റർ നാഷണൽ ട്രെഡ് ഫെയറിൽ' (ഐ.ഐ.ടി.എഫ്) വകുപ്പിനെ പ്രതിനിധീകരിച്ചു.
- വയനാട്ടിൽ വെച്ച് നടന്ന 'പൈതൃകോത്സവം' പരിപാടിയിൽ വകുപ്പിന്റെ സ്റ്റാളുകൾ ക്രമീകരിച്ചു.
- വയനാട്ടിൽ വെച്ച് കേരള ശാസ്ത്ര സാങ്കേതിക കൗൺസിൽസംഘടിപ്പിച്ച സയൻസ് എക്സ്പോയിൽ വകുപ്പിന്റെ സ്റ്റാളുകൾ സംഘടിപ്പിച്ചു.
- ഇടുക്കി ഫെസ്റ്റിന്റെ ഭാഗമായി വംശീയവൈദ്യം, വംശീയഭക്ഷണം തുടങ്ങിയവയുടെ സ്റ്റാളുകൾ ക്രമീകരിച്ചു.
- എൻ.സി.ഇ.ആർ.ടി ഡൽഹിയിൽ വെച്ചു നടത്തിയ 'നാഷണൽ മീറ്റ് ഓൺ മൈനർ, മൈനോറിററി ആന്റ് ട്രൈബൽ ലാംഗ്വേജസ് ഇൻ സ്ക്കൂൾ എജ്യൂക്കേഷനിൽ' ഡിപ്പാർട്ട്മെന്റിനെ പ്രതിനിധീകരിച്ചു.
- കമ്മിനുഡ് സോഷ്യൽ വർക്കേഴ്സിനുള്ള പരിശീലനപരിപാടി സംഘടിപ്പിച്ചു.
- വംശീയവൈദ്യൻമാർക്ക് ഗ്രാന്റ് നൽകുന്നതിനായി വൈദ്യൻമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- പണിയ, അടിയ സമുദായങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു.
- പട്ടികവർഗ്ഗ സമുദായങ്ങളുടെ ജനസംഖ്യയേയും സംവരണ ശതമാനത്തേയും കുറിച്ചുള്ള കർണ്ണാടക ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിച്ച കത്തിന് മറുപടി തയ്യാറാക്കി സമർപ്പിച്ചു.

## റിസർച്ച് ഫെല്ലോഷിപ്പ്

2013 - 2014 സാമ്പത്തിക വർഷത്തിൽ എട്ട് ജൂനിയർ റിസർച്ച് ഫെല്ലോമാരുടെ നിയമനം നടത്തിയതിൽ ഇപ്പോൾ 7 പേർ മാത്രമേ ഉള്ളൂ. കാസർഗോഡ് ജില്ലയിലെ മാവിലൻ, മലവേട്ടുവൻ, വയനാട് ജില്ലയിലെ പണിയൻ, മുള്ളുക്കുറുമൻ, തച്ചനാട് മൂപ്പൻ, കണ്ണൂർ ജില്ല യിലെ കുറിച്ച്യൻ, പണിയൻ, കരിമ്പാലൻ, പാലക്കാട് ജില്ലയിലെ ഇരുളർ, മുഡുഗർ, ഇരവാലൻ, ഇടുക്കി ജില്ലയിലെ മുതുവൻ, ഹിൽപുലയ, ഉള്ളാടൻ, മണ്ണാൻ, പള്ളിയൻ, ഊരാളി, തിരുവനന്ത പുരം, കൊല്ലം ജില്ലയിലെ കാണിക്കാർ, മലവേടൻ, മലപ്പണ്ടാരം, നിലമ്പൂരിലെ കുറുമൻ, അരനാടൻ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ എന്നീ സമുദായ പഠനങ്ങൾ നടത്തി. ഇതിനു പുറമെ നരവംശ ശാസ്ത്ര പഠനങ്ങളിലും പരിശീലന വിഭാഗത്തിലും ഇവരുടെ സേവനം പ്രയോജനപ്പെടുത്തി. ഫെല്ലോഷിപ്പ് ഇനത്തിൽ റിപ്പോർട്ട് വർഷം മൊത്തം 6,78,385/- രുപ ചിലവായി.

## കിർടാഡ്സ് ലൈബ്രറിയുടെ 2013 -14 വർഷത്തെ പ്രവർത്തനങ്ങൾ

കിർട്ടാഡ്സ് ലൈബ്രറിയിൽ നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, ധനതത്ത്വശാസ്ത്രം, സാമൂഹ്യശാസ്ത്രം, നാടോടി വിജ്ഞാനീയം, സ്റ്റാന്റിസ്റ്റിക്സ്, പട്ടികവർഗ്ഗ പഠനങ്ങൾ, വിദ്യാഭ്യാ സം, ദളിത് പഠനങ്ങൾ, ചരിത്രം, മനുവിവിധ വിഷയങ്ങളിലുള്ള റഫറൻസ് ഗ്രന്ഥങ്ങളടക്കം, വിപു ലമായ പുസ്തകസഞ്ചയമുണ്ട്.

സ്ക്കൂൾ, കോളേജ്, യൂണിവേഴ്സിന്റി തലങ്ങളിലുള്ള വിദ്യാർത്ഥികൾ, ഗവേഷകർ തുടങ്ങിയവർ തങ്ങളുടെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, ഉദ്യോഗസ്ഥർ ഔദ്യോഗിക ആവ ശ്യങ്ങൾക്കുമായി ലൈബ്രറി ഉപയോഗിക്കാറുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗമേഖലകളും വിഭാഗ ങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന കേരളത്തിലെയും, മനുസംസഥാന ങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും, കൂടാതെ വിദേശികളും ലൈബ്രറി സന്ദർശിച്ച് ലൈബ്രറി യിലെ റഫറൻസ് സൗകര്യം വിനിയോഗിക്കാറുണ്ട്. 2013-14 വർഷത്തിൽ 251 പേർ റഫ റൻസ് സൗകര്യം ഉപയോഗിക്കുയുണ്ടായി.

റിപ്പോർട്ട് വർഷാരംഭത്തിൽ 13,425 പുസ്തകങ്ങൾ ഉണ്ടായിരുന്നു. റിപ്പോർട്ട് വർഷത്തെ വാർഷിക പർച്ചേസിൽ വാങ്ങിയ പുസ്തകങ്ങളും, സംഭാവനയായി ലഭിച്ച പുസ്തകങ്ങളുമടക്കം 13,587 പുസ്തകങ്ങൾ റിപ്പോർട്ട് വർഷാവസാനത്തിൽ ലൈബ്രറിയിലുണ്ട്. കൂടാതെ ഇന്ത്യൻ, വിദേശജേണലുകളും, സൗജന്യമായി വരുന്ന ജേണലുകളുമടക്കം 45 ഓളം ജേണലുകളുമുണ്ട് ലൈബ്രറിയിൽ. ലൈബ്രറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായികഴിഞ്ഞു.

## സാമ്പത്തിക നില

- **ഈ വകുപ്പ്** 1979 - 80 വർഷം മുതൽ 50% കേന്ദ്രസഹായ പദ്ധതിയിൽ പ്രവർത്തിക്കുന്നു. പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും ഈ വകുപ്പിന്റെ ചെലവുകൾ നിർവ്വഹിക്കുവാനായി തുക വക കൊള്ളിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ പ്ലാൻ ഇനത്തിൽ 130.00 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 215.51 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുകയുണ്ടായി. ഇതിനുപുറമെ ആദികലാകേന്ദ്രം പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിനത്തിൽ 35.00 ലക്ഷം രുപയും വക കൊള്ളിക്കുകയുണ്ടായി. കിർടാഡ്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്ലാൻ ഇനത്തിൽ .01 ലക്ഷം രുപയും വക കൊള്ളിക്കുകയുണ്ടായി.

**2012 - 2013** വർഷത്തെയും **2013 - 2014** വർഷത്തെയും വകുപ്പിന്റെ ചെലവിലേയ്ക്കായി വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം | ഹെഡ് ഓഫ് അക്കൗണ്ട് | വകയിരുത്തിയ തുക (ലക്ഷത്തിൽ ) | | ചെലവായ തുക (ലക്ഷത്തിൽ ) | |
|---|---|---|---|---|---|
| | | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺപ്ലാൻ |
| 2012 - 13 | 2225 – 02 – 800 - 91 ഗവേഷണവും പരിശീലനവും പ്രത്യേക പരിപാടികളും (50% സി.എസ്.എസ്) | 110.00 | 190.23 | 98.36 | 151.89 |
| | 2225 – 02 – 800 - 56 ആദികലാ ഗ്രാമം | 30.00 | -- | 29.69 | -- |
| | 2225 - 02 – 800 – 27 അടിസ്ഥാന സൗകര്യങ്ങൾ | .01 | -- | -- | -- |
| 2013 - 14 | 2225 – 02 – 800 - 91 ഗവേഷണവും പരിശീലനവും പ്രത്യേക പരിപാടികളും (50% സി.എസ്.എസ്) | 130.00 | 215.51 | 60.39 | 166.71 |
| | 2225 – 02 – 800 - 56 ആദികലാ ഗ്രാമം | 35.00 | -- | 33.24 | -- |
| | 2225 - 02 – 800 – 27 അടിസ്ഥാന സൗകര്യങ്ങൾ | .01 | -- | -- | -- |

## • 2012 - 2013 പ്ലാൻ & നോൺപ്ലാൻ ചെലവുകൾ

**2225 - 02 - 800 - 91** ഗവേഷണവും പരിശീലനവും പ്രത്യേകപരിപാടികളും

**( 50% കേന്ദ്രസഹായം)**

| ശീർഷകം | ബജറ്റിൽ വകയിരുത്തിയ | | ചെലവായ തുക | |
|---|---|---|---|---|
| | ( രൂപ ലക്ഷത്തിൽ ) | | | |
| | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺ പ്ലാൻ |
| 01 - ശമ്പളം (അലവൻസുകളടക്കം) | -- | 211.06 | -- | 163.48 |
| 02 - വേതനം | | 1.00 | | 1.00 |
| 04 - യാത്രാചെലവുകൾ | 3.70 | 1.63 | 3.48 | 1.22 |
| 05 - ഓഫീസ് ചെലവുകൾ | 2.50 | .73 | 2.47 | .60 |
| 06 - വാടക,കരം,നികുതി മുതലായവ | | .41 | | .41 |
| 21- 1. വാഹനം വാങ്ങിക്കൽ | -- | -- | - | - |
| 2. അനുകുനുപണികളും സംരക്ഷണവും | 2.40 | .37 | .51 | - |
| 34- മറ്റു ചെലവുകൾ | 10.00 | - | 4.15 | - |
| 45- പി. ഓ. എൽ | 2.50 | .35 | 1.70 | - |
| 90- റിസർച്ച് പ്രോഗ്രാം | 61.90 | - | 24.91 | - |
| 91- ട്രെയിനിംഗ് പ്രോഗ്രാം | 47.00 | - | 23.17 | - |
| ആകെ | 130.00 | 215.55 | 60.39 | 166.71 |

| | | | | |
|---|---|---|---|---|
| **2225 -02 – 800 - 56** | പ്ലാൻ | | | |
| ആദികലാഗ്രാമം | 35.00 | -- | 33.24 | -- |
| **2225 - 02 – 800 – 27** | | | | |
| അടിസ്ഥാന സൗകര്യങ്ങൾ | 0.01 | | -- | |

- **ഈ വകുപ്പ് സാമ്പത്തിക സഹായം /കടം ഒന്നും തന്നെ നൽകുന്നില്ല.**

- ഈ വകുപ്പിൽ ടാക്സ് / ടാക്സേതര വരുമാനങ്ങളൊന്നും തന്നെയില്ല.

- പദ്ധതിയിനത്തിൽ 50% കേന്ദ്രവിഹിതത്തിൽ പ്രവർത്തിക്കുന്ന ഈ വകുപ്പിന്2013-14 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം രൂ. 30.19 ലക്ഷം രൂപയാണ്. പ്രസ്തുത വർഷം കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല.

- 1. ഗ്യാരന്റീയിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ പദ്ധതിയുടെ **സ്പെഷ്യൽ ടി.എസ്.ബി.** അക്കൗണ്ട് നമ്പർ 5501 , 2013 - 14 സാമ്പത്തിക വർഷത്തിൽ 40,20,065/- രൂപ ബാക്കിയുണ്ട്.
  - 2. വംശീയ സംഗീതോപകരണ ശിൽപശാലയുടെ നടത്തിപ്പിനായി ടി.എസ്.ബി. എക്കൗണ്ട് നമ്പർ 5663 ഉണ്ട്.

  - കേന്ദ്രസർക്കാറിൽ(മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ്) നിന്നും ഫണ്ട് ലഭിക്കുന്നതിനായി ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. 32196233829 ഉണ്ട്.

  - വിജിലൻസ് വിഭാഗത്തിന്റെ ശാക്തീകരണത്തോടനുബന്ധിച്ചുള്ള ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ടി.എസ്.ബി. അക്കൗണ്ട് നമ്പർ 1/7134 ഉണ്ട്. ആയതിൽ 4,59,519 രൂപ ബാക്കിയുണ്ട്.

- 2013 - 14 സാമ്പത്തിക വർഷത്തിലെ ഈ വകുപ്പിന്റെ റീ കൺസിലേഷൻ സർട്ടിഫിക്കറ്റുകൾ മുഴുവൻ എക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.
- റിപ്പോർട്ട് വർഷത്തിൽ വിജിലൻസ് വിഭാഗത്തിന്റെ ശാക്തീകരണത്തോടനുബന്ധിച്ച് 12.12.2012 ലെ സ.ഉ (ആർ.ടി)നം. 1575/12/പജ.പവ.വിവ. അനുസരിച്ച് 27 റിസർച്ച് അസിസ്റ്റന്റ്മാരെ ആറു മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.

## വിവരാവകാശ നിയമം

- പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ : ശ്രീ. കെ.വി. രാജീവ്<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>കിർടാഡ്സ്, കോഴിക്കോട് – 17<br>ശ്രീ. സജിത്കുമാർ. എസ്.വി<br>റിസർച്ച് ഓഫീസർ<br>കിർടാഡ്സ്, കോഴിക്കോട് – 17

അസിസ്റ്റന്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ : ശ്രീ. കെ.പി.അബ്ദുറഹിമാൻ
ജൂനിയർ സൂപ്രണ്ട്
കിർടാഡ്സ്, കോഴിക്കോട് - 17

അപ്പലന്റ് അതോറിറ്റി : ഡോ. ബിന്ദു. എസ്.
ഡയറക്ടർ
കിർടാഡ്സ്, കോഴിക്കോട് - 17

- ലഭിച്ച കേസുകൾ : 99

  തീർപ്പുകൽപിച്ച കേസുകൾ : 98

- പിഴ ഈടാക്കിയ കേസുകൾ : ഇല്ല
- സുവോ മോട്ടോ പരസ്യപ്പെടുത്തിയത് : ഇല്ല
- സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ തീർപ്പാകാനുള്ള കേസുകൾ : 1
- സേവനാവകാശ നിയമപ്രകാരം ലഭിച്ച കേസുകൾ : ഇല്ല.

ഡയറക്ടർ
കിർടാഡ്സ്, കോഴിക്കോട് .

എസ്.എൻ./ 20 .08.14